വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2023
ജൂൺ 18

ശ്ലീഹ നാലാം ഞായർ

മധുരിക്കാം... മാറി നടക്കാം... മാനസാന്തരത്തിന് വഴി ഒരുക്കാം

ഏശ 1:10-20, 1 കോറി 9:19-27, ലൂക്കാ 6:27-36

വാട്സ് ആപ്പിൽ രാവിലെ കിട്ടിയ ഒരു ഗുഡ് മോർണിംഗ് മെസ്സേജ് ഇങ്ങനെ ആയിരുന്നു... "Relationship with a good person is like a Sugarcane-. Break it, crush it...squeeze it or even beat or grind it... Still you will get only sweetness."..... പ്രകൃതിയിൽ കരിമ്പിനെ വേദനിപ്പിച്ചാലും ഞെരിച്ചാലും അമർത്തി പിഴിഞ്ഞാലും തിരികെ തരുന്നത് മധുരം മാത്രമാണ്.

മനസിലാക്കി ചിരിക്കുന്നവരുടെ കാലം പോയി തുടങ്ങി. ഇപ്പോൾ മനസ്സിൽ 'ആക്കി' ചിരിക്കുന്നവരുടെ കാലമാണ്. ഈ കാലഘട്ടത്തിൽ തികഞ്ഞ ഒരു വെല്ലുവിളി ആണ് തിന്മയെ നന്മ കൊണ്ടു ജയിക്കൽ.....

തിന്മയെ തിന്മകൊണ്ട് ജയിക്കാൻ ശ്രമിക്കുന്നത് പ്രതികാരം ആകുമ്പോൾ തിന്മയെ നന്മ കൊണ്ടു ജയിക്കുന്നത് മാനസാന്തരം ആവുകയാണ്. കുരിശിൽ കിടന്നു കൊണ്ട് ശത്രുക്കളോട് ഈശോ ക്ഷമിച്ചപ്പോൾ കണ്ടുനിന്ന പട്ടാള ക്കാരനിൽ മാനസാന്തരം ഉണ്ടായി... തന്റെ മകളുടെ കൊലയാളിയോട് വിശുദ്ധ റാണിമരിയയുടെ മാതാ പിതാക്കൾ കാണിച്ച സ്നേഹം ആണ് ഒരു പാപിയുടെ മാന സാന്തരത്തിനു കാരണമായത്...

Style മാറ്റാം.. Different ആകാം

ഇത് എൻട്രൻസ് പരീക്ഷക ളുടെ കാലമാണ്. ഒരു കോഴ്സിനു അഡ്മിഷൻ ലഭിക്കണമെങ്കിൽ, ഒരു ജോലിയിൽ കയറിപ്പറ്റണമെങ്കിൽ എല്ലാവരും ചെയ്യുന്നതു പോലെ എല്ലാം ചെയ്തിട്ട് കാര്യം ഇല്ല. Be something different.... ചിന്തയിലും പെരുമാറ്റത്തിലും ജീവിത ശൈലിയിൽ വരെ നമ്മൾ റശള്ളല്യൂലിേ മ്യൂീരവ പ്രാക്റ്റീസ് ചെയ്യാതെ തരമില്ല. തിരിച്ചു കിട്ടും എന്ന് പ്രതീക്ഷിച്ചു കടം

മായാറാണി

കൊടുക്കുക, നിങ്ങളെ സ്നേഹിക്കുന്നവരെ തിരിച്ചു സ്നേഹിക്കുക ഇതൊക്കെ ആർക്കും ചെയ്യാൻ സാധിക്കില്ലേ?.... അപ്പോൾ ദൈവരാജ്യത്തിലേക്കുള്ള എൻട്രൻസ് പരീക്ഷയിൽ നിങ്ങളുടെ റാങ്ക് വളരെ പുറകിൽ ആകും. അഡ്മിഷൻ ഉറപ്പാക്കണമെങ്കിൽ മാറി ചിന്തിക്കണം... Selfish സ്റ്റൈൽ മാറ്റി selfless love പ്രാക്റ്റീസ് ചെയ്യണം... Expectations നു പകരം acceptance നടപ്പിലാക്കണം. സർവോപരി ദുഷ്ടരുടെയും ശിഷ്ടരുടെയും മേൽ ഒരു പോലെ സൂര്യനെ ഉദിപ്പിക്കുകയും മഴ പെയ്യിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ കരുണ അഭ്യസിക്കണം.

Practise -- Selfless Love...

സ്നേഹം കിട്ടാത്തവരും കൊടുക്കാത്തവരും സ്നേഹിച്ചിട്ടു വഞ്ചിച്ചവരും സ്നേഹം പിടിച്ചു പറിക്കാൻ ശ്രമിക്കുന്നവരും.... അങ്ങനെയങ്ങനെ സ്നേഹത്തെ പ്രതി കൊലപാതകങ്ങൾ വരെ സർവസാധാരണമായ ഈ നാട്ടിലാണ് സ്നേഹിതനുവേണ്ടി ജീവൻ ബലികഴിച്ചവന്റെ സ്നേഹം നമ്മെ വെല്ലുവിളിക്കുന്നത്: സ്വയം മറന്നു സ്നേഹിക്കാൻ! ശത്രുവാണെങ്കിലും ശപിച്ചവനാണെങ്കിലും ലെഹളഹലയെ ഹീല പ്രാക്റ്റീസ് ചെയ്യാം. ഞെരിഞ്ഞമർന്നാലും പൂവുകൾ സുഗന്ധം മാത്രം തിരികെ നൽകുന്നില്ലേ? അമർത്തി പിഴിഞ്ഞാലും കരിമ്പു മധുരം മാത്രം നൽകുന്നില്ലേ? പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സ്നേഹം, ക്ഷമ, ദയ, നന്മ ഇവയൊക്കെ നമ്മിൽ നിറയട്ടെ. മാനസാന്തരം നമ്മിലൂടെ സംഭവിക്കട്ടെ.

പ്രതീക്ഷ വേണ്ട.. പ്രത്യാശ മതി

'കടം സ്നേഹത്തിന്റെ ശത്രു.' തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷിച്ചു കടം കൊടുക്കരുത്. കടം ചിലപ്പോൾ നമ്മുടെ സമ്പത്ത് ആവാം ആരോഗ്യം ആവാം സമയം ആവാം സ്നേഹം ആവാം. കടമായി കൊടുത്താൽ ജീവിതത്തിൽ നിരാശ ഉണ്ടാവാൻ സാധ്യത കൂടുതലാണ്. പ്രത്യാശ നമ്മെ നിരാശരാക്കില്ല, പക്ഷെ പ്രതീക്ഷ നമ്മുടെ സന്തോഷത്തെ കെടുത്തി കളയും. Expectations കുറക്കാം, പ്രത്യാശയോടെ മുന്നേറാം. നിങ്ങൾ അളക്കുന്ന അളവുകൊണ്ട് തന്നെ നിങ്ങൾക്കും അളന്നു കിട്ടും...

കൊടുക്കുന്ന സ്നേഹത്തിനും സമയത്തിനും സമ്പത്തിനും കണക്കു സൂക്ഷിക്കേണ്ട. സ്വർഗത്തിൽ നിക്ഷേപം കൂടുന്നുണ്ട് എന്ന് മാത്രം ചിന്തിക്കാം. ബന്ധങ്ങൾ പലപ്പോഴും കിട്ടാനുള്ളതല്ല കൊടുക്കാനുള്ളതാണ് എന്ന് ചിന്തിക്കുക. അപ്പോൾ കിട്ടാക്കടങ്ങളുടെ കണക്കുകൾ വളരെ വേഗത്തിൽ അവസാനിച്ചു പോകും

മാനസാന്തരം.. ഒരു മധുര പ്രതികാരം

നോവിച്ചു വിട്ടാൽ തക്കം കിട്ടുമ്പോൾ പ്രതികാരം ചെയ്യുന്ന കുടിപ്പകകളുടെ കാലമൊക്കെ അവസാനിച്ചു തുടങ്ങിയിട്ടുണ്ട്. മധുര പ്രതികാരം വീട്ടിയവരുടെ മനസിന്റെ സന്തോഷങ്ങൾക്ക് തന്നെ എന്തൊരു മാധുര്യമാണ്. വേദനിപ്പിച്ച, അധിക്ഷേപിച്ചു സംസാരിച്ച അയൽക്കാരന്റെ വീട്ടിലെ അപകടസമയത്തു ഓടിയെത്താൻ ആയാൽ അതൊരു മധുരപ്രതികാരമല്ലേ! അവന്റെ മനസാന്തരത്തിനു തുടക്കമിടുകയല്ലേ ? വേദനിപ്പിച്ചവരോട് ക്ഷമിക്കാനും കരുണയോടെ പെരുമാറാനും സാധിക്കുമ്പോൾ ആരോഗ്യപരമായും ആത്മീയജീവിതത്തിലും കൂടുതൽ ഓജസുള്ളവരായി നമ്മൾ മാറുകയാണ്. വെറുപ്പും, ദേഷ്യവും, പ്രതികാരവും ആവശ്യം ഇല്ലാത്ത പ്രതീക്ഷകളും മനസ്സിൽ നിറയുമ്പോൾ നമ്മുക്ക് നമ്മോടു തന്നെ ചോദിക്കാം: Who is the LOSER? '.... നമ്മുടെ തന്നെ മനസിന്റെ സന്തോഷങ്ങളെ അടർത്തികളയാനും സ്വർഗം നഷ്ടമാക്കാനും മാത്രമേ ഈ വികാരങ്ങൾക്ക് കഴിയു. മാറി നടക്കാം... ഉശളളല്യുലിേ ആകാം... മറ്റുള്ളവർ എന്നോട് എങ്ങനെ പെരുമാറണം എന്ന് ഞാൻ ആഗ്രഹിക്കുന്നുവോ അതിലും മനോഹരമായി അവരോടു പെരുമാറാം... ■

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com